# മംഗളവാർത്ത-പിറവി (സുവാറാ-യൽദാ)



മിശിഹായുടെ മനുഷ്യാവതാരരഹസ്യം അനുസ്മരിക്കുന്ന ഈ കാലത്തിൽ ക്രിസ്മസിനു (ഡിസംബർ 25) മുമ്പ് നാല് ആഴ്ചകളും തിരുപ്പിറവിക്കുശേഷം ദനഹായ്ക്കു (ജനുവരി 6) മുമ്പ് ഒന്നോ രണ്ടോ ആഴ്ചകളുമാണുള്ളത്. മിശിഹായിൽ പൂർത്തിയായ രക്ഷാപ്രവൃത്തികൾ ആരംഭിച്ചത് അവിടുത്തെ ജനനത്തോടുകൂടിയാണല്ലോ.

**ഒരുകാലം**

മംഗളവാർത്ത-പിറവി ആഴ്ചകൾ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഇവ ഒരുകാലമായി കണക്കാക്കണം. ഇതിനു മൂന്നു കാരണങ്ങൾ കാണാം: 1. പിറവിക്കുശേഷമുള്ള പൂജരാജാക്കന്മാരുടെ സന്ദർശനവും ഈജിപ്തിലേക്കുള്ള പലായനവും ഓർമിപ്പിക്കുന്ന ഒന്നാം ഞായറും ദൈവാലയസമർപ്പണവും ദൈവാലയത്തിലെ കണ്ടെത്തലും ഓർമിപ്പിക്കുന്ന രണ്ടാം ഞായറും മംഗളവാർത്തയുടെ പൂർത്തീകരണമായ മിശിഹായുടെ ബാല്യകാലചിത്രമാണ്. 2. ഈ രണ്ട് ആഴ്ചകളിലെയും പലയാമപ്രാർഥനകളും മംഗളവാർത്ത നാലാമത്തെ ആഴ്ചയിലെ പ്രാർഥനകളുടെ ആവർത്തനമാണ്. 3. പിറവിയ്ക്കുശേഷമുള്ള ഒന്നോ രണ്ടോ ആഴ്ചകളെ (തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ ക്രിസ്മസ് വന്നാൽ ആ വർഷത്തിൽ ഒരാഴ്ചയേ ലഭിക്കൂ) ഒരു പ്രത്യേകകാലമായി എണ്ണുക സാധ്യമല്ല.

**ഇരുപത്തിയഞ്ചുനോമ്പ്**

ഡിസംബർ 1 മുതൽ 25 വരെ ആചരിക്കുന്ന നോമ്പിനെ ഇരുപത്തിയഞ്ചുനോമ്പെന്ന് വിളിക്കുന്നു. ഈ നോമ്പ് ആരംഭത്തിന് മൂന്ന് കാരണങ്ങൾ കാണാം. 1) വലിയ നോമ്പിന്റെ അനുകരണം: നോമ്പിന്റേയും ഉപവാസത്തിന്റേയും സ്നേഹിതരായ മാർതോമ്മാനസ്രാണികൾ ഉയിർപ്പുതിരുനാളിന് ഒരുക്കമായി അമ്പതുനോമ്പ് ആചരിക്കുമ്പോൾ അതിന്റെ പകുതിദിവസങ്ങൾ ക്രിസ്മസിന് ഒരുക്കമായി നോമ്പാചരിക്കുന്നു. 2) കർത്താവിനു വഴിയൊരുക്കൽ: അനുതാപത്തിനും മാനസാന്തരത്തിനുമുള്ള യോഹന്നാൻ മാംദാനായുടെ ആഹ്വാനം (മർക്കോ 1:3). 3) സന്ന്യാസ ഉപവാസാനുകരണം: ഒമ്പതാം നൂറ്റാണ്ടിൽ സിറിയായിലെ ബാസ്രായിൽ ആങ്കൊറൈറ്റ് സന്യാസികൾ മംഗളവാർത്താ കാലത്തിൽ ഉപവസിച്ചിരുന്നു.

**ക്രിസ്മസ് തീയതി നിർണയം**

ഈശോയുടെ ജനനതീയതി എങ്ങും രേഖപ്പെടുത്താത്തതിനാൽ, ഈശോയുടെ മാമ്മോദീസാദിനമായ ജനുവരി 6-നുതന്നെയാണ് നാലാം നൂറ്റാണ്ടുവരെ തിരുപ്പിറവിയും (ക്രിസ്മസ്) ആചരിച്ചുപോന്നത്. ഡിസംബർ 25-ന് ക്രിസ്മസ് ആഘോഷിക്കുന്ന പതിവ് നാലാം നൂറ്റാണ്ടിൽ ജൂലിയസ് ഒന്നാമൻ (337-352) മാർപാപ്പയുടെ കാലത്ത് റോമിലാണ് ആരംഭിച്ചത്. 274-ൽ റോമൻ ചക്രവർത്തി ഔറേലിയൻ ഡിസംബർ 25 സൂര്യദേവന്റെ ജന്മദിനമായി ആഘോഷിക്കാൻ കല്പിച്ചു. ചക്രവർത്തിയുടെ കല്പന പാലിക്കാൻ കടപ്പെട്ടിരുന്ന ക്രിസ്ത്യാനികൾ സത്യവിശ്വാസത്തിൽനിന്നു വ്യതിചലിക്കാൻ തുടങ്ങിയപ്പോൾ, മിശിഹായെ പ്രകാശത്തിന്റെ സ്രഷ്ടാവും (ഉത്പ 1:3) നീതിസൂര്യനും (മലാ 4:2) സത്യപ്രകാശവും (യോഹ 1:9) ലോകത്തിന്റെ പ്രകാശവുമായി (യോഹ 8:12) കണ്ട് ഡിസംബർ 25 ഈശോയുടെ ജനനത്തിരുന്നാളായി ആചരിക്കാൻ 350-ൽ ജൂലിയസ് ഒന്നാമൻ മാർപാപ്പ ആഹ്വാനം ചെയ്തു. അങ്ങിനെ ഡിസംബർ 25-ന് ക്രിസ്മസ് ആഘോഷിക്കുന്ന പതിവ് സഭയിൽ ആരംഭിച്ചു.

**വിശുദ്ധഗ്രന്ഥാധിഷ്ഠിതം**

ലൂക്കാ 1:36 (എലിസബത്തിന് ആറാം മാസം), 2) ലൂക്കാ 1:9 (സഖറിയുടെ ദൈവാലയ ധൂപാർപ്പണം) രണ്ട് സുവിശേഷ വാക്യങ്ങളെ അടിസ്ഥാനമാക്കി ഡിസംബർ 25-ലെ ക്രിസ്മസ് ആഘോഷം ശരിയെന്ന് വി. ജോൺ ക്രിസോസ്തോം (+407), വി. അഗസ്റ്റിൻ (+431) എന്നീ സഭാപിതാക്കന്മാർ അഞ്ചാംനൂറ്റാണ്ടിൽ സമർഥിക്കുകയുണ്ടായി. സഖറിയുടെ ദൈവാലയപ്രവേശനം യഹൂദവർഷം ഏഴാം മാസം പത്താം ദിവസമായിരുന്നെന്ന് കണക്കാക്കപ്പെടുന്നു (ലേവ്യർ 16:29-35). യഹൂദവർഷം ഒന്നാം മാസം നീസാൻ ആരംഭം മാർച്ച് 25-നാണ്. അവിടെ നിന്നും ഏഴ് മാസങ്ങളെണ്ണിയാൽ അന്നത്തെ ജൂലിയൻ കലണ്ടറനുസരിച്ച് സഖറിയായ്ക്ക് സ്നാപകന്റെ ജനന അറിയിപ്പുണ്ടായത് (ലൂക്കാ 1:13) ഒക്ടോബർ മാസമാണ്. ധൂപാർപ്പണം കഴിഞ്ഞ് എലിസബത്തിന്റെ പക്കൽ എത്താനുള്ള രണ്ടോ, മൂന്നോ, ഏഴോ ദിവസങ്ങൾ കഴിഞ്ഞ് ആറുമാസങ്ങൾ എണ്ണിയാൽ, മാതാവിന് മംഗളവാർത്ത അറിയിപ്പുണ്ടായത് (ലൂക്കാ 1:31) യഹൂദവർഷാരംഭം നീസാൻ മാസം 1-ാം തിയതി (മാർച്ച 25) ആണെന്ന് കാണാം. മാർച്ച് 25 മുതൽ ഒമ്പതുമാസക്കാല ഗർഭകാലഘട്ടം എണ്ണിയാൽ, ഈശോയുടെ ജനനം ഡിസംബർ 25-ന് വരുന്നു.

**പെസഹാരഹസ്യ ദൈവശാസ്ത്രം**

മനുഷ്യാവതാരരഹസ്യം ധ്യാനവിഷയമാക്കുന്ന ഈ കാലത്തിന്റെ ദൈവശാസ്ത്രം പ്രകടമാകുന്നത് കുർബാനയിലേയും യാമപ്രാർഥനകളിലേയും പ്രത്യേകഗീതങ്ങളിലും സ്തുതിപ്പുകളിലുമാണ് (*പ്രോപ്രിയ*). മനുഷ്യ സൃഷ്ടിമുതൽ ആദിമാതാപിതാക്കളുടെ അനുസരണക്കേടും അതിന്റെ അനന്തരഫലങ്ങളും, അധഃപതിച്ച മനുഷ്യവംശ ത്തിന്റെ പരിതോപകരമായ അവസ്ഥയും, ദൈവം നല്കിയ രക്ഷയുടെ വാഗ്ദാനവും, മാനവവംശവുമായി അവിടുന്ന് ചെയ്ത ഉടമ്പടിയും, രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങളും ഈ കാലത്തിന്റെ സവിശേഷതകളാണ്.

ദൈവപുത്രന്റെ ജനനത്തിൽ പുത്രനും പുത്രനിലൂടെ പിതാവും വെളിവാക്കപ്പെട്ടു. സമാധാനവും പ്രത്യാശയും സ്വായത്തമായി. ഭൂവാസികളും സ്വർഗവാസികളും സന്തോഷചിത്തരായി. ലോകചരിത്രത്തിലും രക്ഷാചരിത്രത്തിലും പുതുയുഗം സംജാതമായി (BC, AD). ലോകത്തിനു കൈവന്ന ഈ സൗഭാഗ്യത്തിൽ പങ്കുപറ്റാനുള്ള ദൈവികആഹ്വാന മാണ് മംഗളവാർത്ത-പിറവിക്കാല പെസഹാരഹസ്യ ദൈവശാസ്ത്രആത്മീയതയുടെ അടിത്തറ.

രക്ഷാചരിത്രത്തിലുള്ള മാതാവിന്റെ പ്രസക്തി ഈ കാലത്തിന്റെ മറ്റൊരു സവിശേഷതയാണ്. ദൈവപുത്രന്റെ അമ്മയായ മറിയത്തിന്റെ അനുമോദനത്തിരുനാൾ ദിനമാണ് പിറവി രണ്ടാം വെള്ളിയാഴ്ച. രക്ഷാചരിത്രത്തിൽ മറിയത്തിന് ഇത്രയധികം പ്രാധാന്യം നല്കുന്ന മറ്റൊരു ആരാധനാവത്സരകാലമില്ല. മനുഷ്യവംശത്തിന്റെ നഷ്ടപ്പെട്ട ദൈവഛായ വീണ്ടെടുത്ത (ഉത്പ 1:27) ദൈവപുത്രനെ പ്രസവിച്ച അമ്മ അനുമോദനങ്ങൾക്ക് അർഹയാണ്. മറിയത്തെപോലെ, ഹൃദയത്തിൽ മിശിഹായെ വഹിക്കുന്നവരും വാക്കുകളിലും പ്രവൃത്തികളിലും മിശിഹാദായകരു മായി മനുഷ്യാവതാരരഹസ്യം അനുദിനജീവിത രഹസ്യമാക്കാനുള്ള ഒരു പ്രായോഗിക ജീവിതശൈലിക്കുള്ള ആഹ്വാനമാണിത്.

**വചനപ്രഘോഷണ ദൈവശാസ്ത്രം**

സ്നാപകന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പും മംഗളവാർത്ത അറിയിപ്പും സ്നാകപന്റെ ജനനവും ശിശുവിനെ രക്ഷപെടുത്താൻ യൗസേപ്പിനുള്ള സ്വപ്ന സന്ദേശവും അടങ്ങുന്ന സംഭവങ്ങളാണ് ക്രിസ്മസിന് മുമ്പുള്ള നാലു ഞായറുകളിലെ ക്രമാനുഗത അനുസ്മരണാത്മക സുവിശേഷപ്രഘോഷണ യാഥാർത്ഥ്യങ്ങൾ (Anamnetic realities). ഇവയ്ക്ക് അനുയോജ്യമായ മിശിഹായുടെ മുന്നാസ്വാദന അനുസ്മരണാത്മക പ്രതിരൂപങ്ങളാണ് (Anamnetic types) നിയമപുസ്തകപ്രഘോഷണങ്ങളിൽ കാണുക. നിയമപുസ്ത പ്രബോധനങ്ങളോട് ചേർന്നുപേകുന്ന പ്രവാചകപുസ്തക പ്രഘോഷണങ്ങൾ പഴയഇസ്രായേലിനുള്ള നിവേശിതാത്മക അനുശാസനങ്ങളാണ് (Epicletic admonitions). സുവിശേഷപ്രബോധനങ്ങളോട് ചേർന്നുപേകുന്ന അപ്പസ്തോലിക ലേഖനപ്രഘോഷണങ്ങൾ സഭയ്ക്കുള്ള നിവേശിതാത്മക ഉദ്ബോധനങ്ങളാണ് (Epicletic exhortations).

ഓരോ ഞായറാഴ്ചയിലേയും തിരുവചന പ്രഘോഷണങ്ങൾ തമ്മിലുള്ള ഈ ദൈവശാസ്ത്ര ആത്മബന്ധം രക്ഷാചരിത്രസമയ ബന്ധിതമാകയാൽ ഈ ചേർച്ചയെ സമയപൊരുത്തമെന്നും (Diachronism) വചനപ്രഘോഷണ ദൈവശാസ്ത്രത്തെ കുർബാനയിലേയും യാമപ്രാർത്ഥനകളിലേയും കാലബന്ധിത പെസഹാ രഹസ്യങ്ങളുമായി (*പ്രോപ്രിയ*) സമന്വയിപ്പിക്കുന്നതിനെ കാലപൊരുത്തമെന്നും (Synchronism) വിളിക്കുന്നു. ഇങ്ങനെയാണ് ആരാധനക്രമ ആദ്ധ്യാത്മികത രൂപപ്പെടുന്നത്. ഇതുപോലെ പിറവിത്തിരുനാൾ ദിനത്തിലേയും (ക്രിസ്മസ്) അതിനെ തുടർന്നുള്ള രണ്ട് ഞായറുകളിലെ വചനപ്രഘോഷണങ്ങളും കാലക്രമപെസഹാരഹസ്യങ്ങളുമായി സമന്വയിപ്പിച്ചുവേണം ദൈവശാസ്ത്രാധിഷ്ഠിത പ്രായോഗികക്രൈസ്തവജീവിതം രൂപപ്പെടുത്താൻ.

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്, കാക്കനാട്
22.11.2020

(തയ്യാറാക്കിയത് ഫാ. ജോൺ മൂലൻ)